രാജീവ് ഗാന്ധി മിഷൻ കുടിവെള്ള പദ്ധതി, സ്വജൽധാര പദ്ധതിക്ക് വൈദ്യുതി ചാർജ് ഇളവ്

26 [1923] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ കുടിവെള്ള പദ്ധതിയായ രാജീവ് ഗാന്ധി മിഷൻ കുടിവെള്ള പദ്ധതി, സ്വജൽധാര പദ്ധതി എന്നിവയ്ക്ക് ഗുണഭോക്താക്കളിൽ നിന്ന് ഇപ്പോൾ ഈടാക്കി വരുന്ന വൈദ്യുതി ചാർജ് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഗ്രാമീണ ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന ഈ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി നിരക്ക്, സൗജന്യനിരക്കിലോ കാർഷികാവശ്യത്തിനുള്ള വൈദ്യുത നിരക്കിലോ ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വീട്ടാവശ്യത്തിനുമാത്രമായി ഉപഭോക്തൃ സംഘങ്ങൾ നടത്തിവരുന്ന ജലധാര, സ്വജൽധാര തുടങ്ങിയ പദ്ധതികൾക്ക് ആ വിഭാഗങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഗാർഹിക താരിഫ് അനുവദിച്ചിട്ടുണ്ട്.

(ബി) ഇത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷന്റെ പരിധിയിൽ വരുന്ന കാര്യമാണ്. എങ്കിലും ഈ പദ്ധതികൾക്ക് കുറഞ്ഞ നിരക്ക് അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കണമെന്ന് റഗുലേറ്ററി കമ്മീഷന് ശുപാർശ സമർപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

ചെളിക്കല്ലാർ, വക്കലാർ, അച്ചൻ കോവിലാർ എന്നിവിടങ്ങളിൽ അണക്കെട്ട് നിർമ്മിച്ച് വൈദ്യുതി ഉൽപ്പാദനം ആരംഭിക്കാൻ നടപടി

27 [1924] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെളിക്കല്ലാർ, വക്കലാർ, അച്ചൻ കോവിലാർ എന്നിവിടങ്ങളിൽ അണക്കെട്ട് നിർമ്മിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇൻവെസ്റ്റിഗേഷനും, മറ്റ് നടപടികളും പൂർത്തിയാക്കുവാൻ എത്ര കാലാവധിയാണ് അനുവദിച്ചിരുന്നത് ;

(ഡി) ഇതിൽ നിന്ന് വൈദ്യുതി ഉത്പാദനം ആരംഭിക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയുടെ വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly